# അബ്ദുൽഖദീർ ഖാൻ മോചിതനാവുമ്പോൾ

**വിട്ടുതടങ്കലിൽ** കഴിയുന്ന പാക് ആണവ ശാസ്ത്രജ്ഞൻ ഡോ. അബ്ദുൽഖദീർ ഖാൻ മാധ്യമങ്ങളുടെ മുമ്പിലേക്ക് മടങ്ങിയെത്തിയിരിക്കുന്നു. പൊതുവികാരം മാനിച്ച് പാകിസ്താനിലെ പുതിയ സർക്കാർ അദ്ദേഹത്തെ വീട്ടുതടങ്കലിൽനിന്ന് മോചിപ്പിക്കാനൊരുങ്ങുന്നുവെന്നാണ് കിട്ടിയേടത്തോളം സൂചനകൾ. പാകിസ്താനിലെ പ്രതിപക്ഷ സംഘടനകൾ അദ്ദേഹത്തെ രാജ്യത്തിന്റെ പ്രസിഡന്റാക്കണമെന്നു പോലും ആവശ്യപ്പെടുന്നുണ്ട്. പതിവുപോലെ അമേരിക്കയും സിൽബന്തികളും കണ്ണുരുട്ടുന്നു. ഖദീർഖാൻ ലോകസമൂഹത്തിന് ഭീഷണിയാണെന്നാണ് വാഷിംഗ്ടന്റെ നിലപാട്. ആര് ആർക്കാണ് ഭീഷണിയെന്ന് തീരുമാനിക്കുന്ന ഈ തിണ്ണമിടുക്ക് തന്നെയാണ് യഥാർഥത്തിൽ ആണവായുധത്തെ കുറിച്ച രഹസ്യവും. അധീശത്വത്തിന്റെ ഈ അവസാന സൂത്രം കൈയിലുള്ള അമേരിക്ക, ഇസ്രയേൽ മുതലായ രാജ്യങ്ങൾ ലോകസമാധാനത്തിന്റെ വക്താക്കൾ! ആണവായുധം ലോകത്ത് ഇല്ലാതാക്കണമെന്ന് അവയുടെ കൂമ്പാരങ്ങൾക്കുമേൽ അടയിരുന്ന് ഇവർ മറ്റുള്ളവരെ പഠിപ്പിക്കുന്നു. ആണവായുധം കൈയിലുള്ള രാജ്യങ്ങളെ എങ്ങനെയെങ്കിലും വരുതിയിൽ നിർത്തുക. ഒന്നുകിൽ ഭീഷണി, അല്ലെങ്കിൽ ഇന്ത്യക്കു തന്നതു പോലെ എച്ചിൽപ്പൊതി 'കരാറുകൾ'. ഇല്ലാതിരുന്ന കാലത്ത് ലിബിയയും ഉത്തരകൊറിയയും തെമ്മാടികൾ. ഉണ്ടാക്കാൻ തുടങ്ങിയതോടെ അവരുമായുള്ള പ്രശ്നങ്ങൾക്ക് അനുരഞ്ജനം. ഉണ്ടാക്കിയിട്ടില്ലെന്ന് നല്ല തീർച്ചയുള്ള ഇറാന്റെ കാര്യത്തിൽ നയം പഴയതു തന്നെ. അവരെ തകർക്കുക തന്നെ ചെയ്യും. ഒരിക്കൽ ഇറാനും ലക്ഷ്യം നേടിക്കഴിഞ്ഞാൽ പിന്നെ അമേരിക്ക അടുത്ത തന്ത്രം അന്വേഷിച്ചു വലയണം...

പാകിസ്താന്റെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്. ഇപ്പോൾ അവരെ അമേരിക്കക്ക് ഒരു നിലക്കും പൊറുപ്പിക്കാൻ കഴിയാതെയായി. ആഭ്യന്തര ശൈഥില്യത്തിന്റെ മുഴുവൻ ദുർഭൂതങ്ങളെയും പാകിസ്താനിൽ കഴിഞ്ഞ അഞ്ചെട്ടു വർഷമായി കുടംതുറന്നുവിട്ട അമേരിക്ക ഇപ്പോൾ ഭീതിയുടെ അങ്ങേത്തലയിലാണ്. അന്താരാഷ്ട്ര നിലവാരമനുസരിച്ച് താരതമ്യേന ഭാരം കുറഞ്ഞ പാകിസ്താന്റെ ആണവായുധങ്ങൾ താലിബാന്റെയും മറ്റും കൈകളിലെത്തുമോ എന്ന ആശങ്കയാണ് അവരെ അലട്ടുന്നത്. അങ്ങനെയെങ്കിൽ അഫ്ഗാനിസ്താനിൽ നിന്നും എന്നു കെട്ടിയെടുക്കുമെന്ന് ചോദിക്കുകയേ വേണ്ടൂ. മറ്റു രാജ്യങ്ങളെ നിലക്കു നിർത്താനും പ്രലോഭിപ്പിക്കാനുമുള്ള എക്സ്ക്ലൂസീവ് ഏർപ്പാടായി അമേരിക്ക ആണവായുധത്തെയും ആണവ ഇന്ധനത്തെയും മാറ്റിയെടുത്ത കാലത്ത് സാധനം 'ഗ്രേ മാർക്കറ്റിൽ' ഏർപ്പാടാക്കിയതിൽ ഖദീർഖാൻ എത്ര പങ്കുവഹിച്ചു എന്നത് വ്യക്തമല്ല. പക്ഷേ, പാക് ഭരണകൂടത്തിലെ പലർക്കും ഇതിൽ വ്യക്തമായ പങ്കുണ്ടായിരുന്നു. ബോംബു കൊടുത്തു എന്നതിനേക്കാളുപരി ആർക്കു കൊടുത്തു എന്നതായിരുന്നു കുറ്റം.

അമേരിക്കൻ സാങ്കേതികവിദ്യക്ക് സ്വപ്നം കാണാൻ കഴിഞ്ഞിട്ടില്ലാത്തത്ര മികച്ചവയായിരുന്നു 'മാർക്കറ്റിൽ' ആദായവിൽപനക്കുവെച്ച ഈ ബോംബുസൂത്രം. സ്വാഭാവികമായും അദ്ദേഹം പാകിസ്താന് നിർമിച്ചു കൊടുത്തിട്ടുണ്ടാവാനിടയുള്ള ബോംബുകളുടെ നിലവാരം അമേരിക്കയുടെ ഉറക്കം കെടുത്തി. ആവശ്യം കഴിഞ്ഞാൽ പാകിസ്താനെ ഭാവിയിൽ തട്ടിക്കളയണമെന്ന അമേരിക്കൻ മോഹത്തിനും ഖദീർഖാൻ തിരിച്ചടിയായി. പഴയ കഥകൾ പുതിയ രൂപത്തിൽ വീണ്ടും വന്നു തുടങ്ങുന്നത് കാണാനുണ്ട്. 2004-ൽ ജർമനിയിൽ അറസ്റ്റിലായ സ്വിറ്റ്സർലന്റിലെ ടിന്നർ കുടുംബത്തിന്റെ ലാപ്ടോപ്പിനെ അടിസ്ഥാനമാക്കി ഈയിടെ വന്ന വാർത്ത ഉദാഹരണം. നേരത്തെ കണ്ടെടുത്തതിനേക്കാൾ ചെറുതും മാരകശേഷിയുള്ളതുമായ അണുബോംബിന്റെ ബ്ലൂപ്രിന്റ് ടിന്നറുടെ കമ്പ്യൂട്ടറിൽ നിന്നും ഡീകോഡു ചെയ്തെടുക്കാൻ കഴിഞ്ഞുവെന്നാണ് ഇപ്പോഴത്തെ വെളിപ്പെടുത്തൽ. ഏതായാലും ടിന്നർമാരുടെ പക്കൽ നിന്നും ലഭിച്ച ബോംബിന്റെ 'സൂത്രം' പാകിസ്താൻ നിർമിതമാണെന്ന ആരോപണമുന്നയിച്ചാണ് ഖാനെ അറസ്റ്റ് ചെയ്യാൻ അക്കാലത്ത് നിലവിളിയുയർന്നത്. അമേരിക്കൻ വിദഗ്ധർക്ക് ഇത് ഒറ്റനോട്ടത്തിൽ തിരിച്ചറിയാൻ കഴിഞ്ഞുവത്രെ! ഇത് ശരിയായാൽ തന്നെയും യഥാർഥത്തിൽ പട്ടാള ഭരണകൂടത്തിന്റേതായിരുന്നു കുറ്റമെന്നാണ് സൂചന. ഉത്തര കൊറിയയിൽ നിന്ന് ദീർഘദൂര ബാലിസ്റ്റിക് മിസൈലിന്റെ സാങ്കേതികവിദ്യ കിട്ടുന്നതിന് അന്നത്തെ പാക് ഭരണാധികാരികളായിരുന്നു ജനറൽ കിമ്മിന് ആണവായുധം കൈമാറിയത്. പക്ഷേ കുറ്റം അബ്ദുൽഖദീർ ഖാൻ ഒറ്റക്കു പേറി. അല്ലെങ്കിൽ സി.ഐ.എയുടെയും എഫ്.ബി.ഐയുടെയും ഏജന്റുമാർ തേരാപ്പാരാ ഓടിനടക്കുന്ന ഇസ്ലാമാബാദിൽ ഒരുവേള അദ്ദേഹം കൊല്ലപ്പെടുക പോലും ചെയ്യുമായിരുന്നു.

പക്ഷേ, താൻ ബലിയാടാക്കപ്പെടുകയായിരുന്നുവെന്ന സത്യം തുറന്നുപറയാൻ ഖദീർഖാന് ഒടുവിലെങ്കിലും കഴിഞ്ഞു. അമേരിക്കക്കും മുശർറഫിനും പാകിസ്താനിൽ പഴയ കരുത്ത് നഷ്ടമാവുകയാണ്. ലിബിയയുമായും ഉത്തരകൊറിയയുമായും അമേരിക്ക ഒത്തുതീർപ്പിലെത്തി. ഇറാന്റെ കാര്യത്തിൽ ഇസ്രയേൽ എത്രതന്നെ സമ്മർദം ചെലുത്തിയിട്ടും അമേരിക്കക്ക് ഒരു ചുവടു പോലും മുന്നോട്ടു പോകാൻ കഴിഞ്ഞില്ല. സാമ്രാജ്യത്വ ദുർമോഹങ്ങളുടെ എക്കാലത്തെയും പൈശാചിക രൂപമായ ജോർജ് ബുഷ് അധികാരമൊഴിയാൻ മാസങ്ങൾ മാത്രമേ ബാക്കിയുള്ളൂ. ഇറാനിൽ യുദ്ധത്തിന് തുടക്കമിട്ട് സ്ഥാനമൊഴിയാനുള്ള തന്റെ കുടിലമോഹത്തിന് പിന്തുണ തേടി ബുഷ് കഴിഞ്ഞ ആഴ്ച യൂറോപ്പിലുടനീളം പര്യടനം നടത്തി. യുദ്ധത്തെ കുറിച്ച സൂചന അറബ് രാജ്യങ്ങൾക്കും നൽകിയിട്ടുണ്ടാവണം. നല്ല പ്രതികരണമല്ലേ ലഭിച്ചത്? ഒറ്റയടിക്ക് പെട്രോളിന്റെ വില ചരിത്രത്തിലെ ഏറ്റവും വലിയ അക്കത്തിലെത്തി. ഇറാനിലെ അവസാനത്തെ 'അടി'ക്ക്, ബുഷിന് ഇപ്പോഴത്തെ അവസ്ഥയിൽ തുടക്കമിടാൻ കഴിഞ്ഞെന്നുവരില്ല. ■

Vol. No: 65 Issue No. 4 Printed (at Roshni Press, Kozhikode-12) and published by K.M. Abdul Ahad on behalf of Islamic Service Trust Kerala Kozhikode-12, Phone: 2730744 Fax: 0495- 2731342, E-mail: prabodhanam@satyam.net.in - Editor: T.K. Ubaid